പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 682 **13-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പഴകുളം മധു ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ സംഘങ്ങളിലെ വായ്പാ തിരിച്ചടവ് മുടങ്ങിയവർക്ക് എന്തെങ്കിലും സഹായപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മറുപടി: സംസ്ഥാന സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ വർധിച്ചു വരുന്ന കുടിശ്ശിക/നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടേയും സംഘങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുള്ള സാമ്പത്തിക പ്രതിസന്ധി നേരിടുന്നവർ, ഗുരുതര രോഗം ബാധിച്ചവർ, കുടുംബത്തിലെ മരണങ്ങൾ, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ യഥാസമയം തിരിച്ചടക്കാൻ കഴിയാതെ കുടിശ്ശികയായ വായ്പകളുടെ ബാധ്യതയിൽപ്പെട്ട സഹകാരികൾക്ക് ഇളവുകളോടെ വായ്പാകണക്ക് അവസാനിപ്പിക്കുവാൻ അവസരം നൽകിക്കൊണ്ടും 2026 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി "ആശ്വാസ് 2026" നടപ്പിലാക്കിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ഗുണഫലങ്ങൾ അർഹരായ എല്ലാ സഹകാരികളിലേക്കും എത്തുന്നില്ലാ എന്ന് കണ്ടതിനെ തുടർന്ന് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ തീരുമാനിക്കുന്നതിനായി വിവിധ കമ്മിറ്റികളെ പുന:സംഘടിപ്പിച്ച് സംഘം, താലൂക്ക്, ജില്ലാ, സംസ്ഥാന തല കമ്മിറ്റികളിൽ അതാത് നിയോജക മണ്ഡലം/ നിയമസഭ/ പാർലമെന്റ് അംഗങ്ങളേക്കൂടി ഉൾപ്പെടുത്തി ടി കമ്മിറ്റിയ്ക്ക് അനുവദിക്കാവുന്ന ഇളവുകൾ പുനർനിർണ്ണയിച്ചുകൊണ്ടും "ആശ്വാസ്" പദ്ധതി സംബന്ധിച്ച് മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുകയും ഇതിലൂടെ വളരെയധികം പേർക്ക് ആനുകൂല്യം നൽകുന്നതിനും അതിലൂടെ സഹകരണ സംഘങ്ങൾക്ക് കുടിശ്ശിക കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ആശ്വാസ് പദ്ധതി കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനായി താലൂക്ക് തലത്തിലും ജില്ലാതലത്തിലും എം. പി മാരെയും എം. എൽ. എ മാരെയും ഉൾപ്പെടുത്തി കമ്മിറ്റികൾ പുനഃ സംഘടിപ്പിച്ചതിലൂടെ സംസ്ഥാന തലത്തിൽ 3 ജില്ലാ തലത്തിൽ 32, താലൂക്ക് തലത്തിൽ 100, സംഘം തലത്തിൽ 9,297 എന്നിങ്ങനെ അകെ 9,432 അദാലത്തുകൾ സംഘടിപ്പിക്കുകയും അപേക്ഷകൾ തീർപ്പുകല്പിക്കുകയും ചെയ്തതിലൂടെ സംസ്ഥാനത്തുടനീളമായി 66,409 വായ്പക്കാർക്ക് 43,955.34 ലക്ഷം രൂപയുടെ ഇളവ് നൽകാനും അതിലൂടെ അതാതു സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും 2,15,276.65 ലക്ഷം രൂപയുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കാനുമായിട്ടുണ്ട്. സംസ്ഥാന കമ്മിറ്റിക്കു പരിഗണിക്കാനായി ജില്ലകളിൽ നിന്നും അപേക്ഷകൾ എത്തുന്നതിനാൽ മേൽ കണക്കിൽ വർദ്ധനവ് വരുന്നതാണ്.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ പദ്ധതിയ്ക്ക് വളരെയേറെ ജനപിന്തുണ നേടുവാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ കമ്മിറ്റികൾക്ക് അനുവദിക്കാവുന്ന ഇളവുകളും പദ്ധതി പ്രകാരം ലഭ്യമാക്കിയിട്ടുള്ള ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു.

1.സംഘം തല കമ്മിറ്റി

5 വർഷത്തിൽ കൂടുതൽ കുടിശ്ശിക ആയ 50,000 രൂപ വരെയുള്ള വായ്പയുടെ പലിശ പൂർണ്ണമായും ഒഴിവാക്കുന്നു.

5 വർഷത്തിൽ താഴെ കുടിശ്ശിക ആയ 50,000 രൂപ വരെയുള്ള വായ്പയുടെ പലിശ 50% വരെ ഇളവ് നൽകുന്നു.

50,000 നു മുകളിൽ 5 ലക്ഷം വരെ ഉള്ള വായ്പകളിൽ പലിശയിൽ പരമാവധി 25% ഇളവ് നൽകുന്നു.

5 ലക്ഷം മുതൽ 25 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 25% വും 25 ലക്ഷത്തിനു മുകളിൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 15% വും വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് നൽകുന്നു.

അതി ദരിദ്ര പട്ടികയിൽപ്പെട്ടവരുടെ 1 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശ പൂർണ്ണമായും 1 ലക്ഷം രൂപയ്ക്കു മുകളിൽ 5 ലക്ഷം വരെയുള്ള വായ്പകളിൽ പലിശയിൽ 50% വരെയും അധിക ഇളവ് സംഘം തല കമ്മിറ്റി നൽകുന്നു.

ഗുരുതര രോഗം ബാധിച്ചവരുടെ കാര്യത്തിൽ മേൽ ഇളവുകൾക്കു പുറമെ 50,000 രൂപ വരെയുള്ള വായ്പകളിൽ 15% വും 50,000 നു മുകളിൽ 1 ലക്ഷം വരെയുള്ളവയിൽ 12% വും 1 ലക്ഷത്തിനു നു മുകളിൽ 5 ലക്ഷം വരെയുള്ളവയിൽ 10% വും 5 ലക്ഷത്തിനു നു മുകളിൽ 10 ലക്ഷം വരെയുള്ളവയിൽ 5% വും 10 ലക്ഷത്തിനു നു മുകളിൽ 25 ലക്ഷം വരെയുള്ളവയിൽ 3% വും 25 ലക്ഷത്തിനു മുകളിൽ 2% വും അധിക പലിശ ഇളവും നൽകുന്നതാണ്.

2.താലൂക്ക് തല കമ്മിറ്റി

50,000 മുതൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 35% വരെയും 25 ലക്ഷത്തിനു മുകളിൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 20% വരെയും ഇളവ് നൽകുന്നു.

3.ജില്ലാ തല കമ്മിറ്റി

50,000 മുതൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 50% വും 5 ലക്ഷത്തിനു മുകളിൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 40% വരെയും 25 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 25% വരെയും ഇളവ് നൽകുന്നു.

4.സംസ്ഥാന തല കമ്മിറ്റി

ജില്ലാ തല കമ്മിറ്റിക്കു നല്കാവുന്നതിനേക്കാൾ കൂടുതൽ ഇളവ് നൽകേണ്ട സാഹചര്യമുണ്ടെങ്കിൽ അത്തരം അപേക്ഷകൾ സംസ്ഥാന കമ്മിറ്റിക്കു സമർപ്പിക്കാവുന്നതാണ്. ജില്ലാ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പലിശയിലും മുതലിലും ഇളവു അനുവദിക്കാൻ സംസ്ഥാന കമ്മിറ്റിയ്ക്ക് അധികാരമുണ്ട്.

ക്യാഷ് ക്രെഡിറ്റ് വായ്പകൾക്കുള്ള ഇളവുകൾ

ക്യാഷ് ക്രഡിറ്റ് വായ്പകളിൽ അവസാന ഇടപാട് നടന്ന തീയതി മുതൽ സാധാരണ വായ്പയായി കണക്കാക്കി പലിശയിൽ അതിനനുസൃതമായ ഇളവുകൾ നൽകിയിട്ടുണ്ട്.

എം.എസ്.എസ് /എം.ഡി.എസ് വായ്പകളുടെ ഇളവുകൾ

പ്രതിമാസ നിക്ഷേപ പദ്ധതി/സ്കീമുകളിലും (എം.എസ്.എസ്, എം.ഡി.എസ്) കാലാവധി അവസാനിച്ച ശേഷം സാധാരണ വായ്പയായി കണക്കാക്കി അതിനനുസൃതമായ ഇളവുകൾ നൽകുന്നു.

ഈ പദ്ധതി പ്രകാരം പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുകയും, ഒറ്റത്തവണയായി അടയ്ക്കാൻ കഴിയാത്തവർക്ക് പദ്ധതി കാലയളവിൽ തവണകളായി അടയ്ക്കുന്നതിനും പദ്ധതി അവസാനിച്ച 30.09.2026 നുള്ളിൽ അപേക്ഷ സമർപ്പിച്ചവർക്ക് തുക അടയ്ക്കുന്നതിന 2026 ഒക്ടോബർ 31 വരെ സമയവും അനുവദിച്ചിട്ടുണ്ട്.

(ബി) സഹകരണ വകുപ്പിന്റെ ആശ്വാസ് പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) നിയോജക മണ്ഡല അടിസ്ഥാനത്തിലും ജില്ലാ തലത്തിലും വകുപ്പ് നടപ്പിലാക്കുന്ന സഹകരണ അദാലത്തിന്റെ പുരോഗതി വിശദീകരിക്കാമോ?

മറുപടി: നിയോജക മണ്ഡലത്തിലും ജില്ലാ തലത്തിലുമായി സംസ്ഥാനമൊട്ടാകെ 66409 അപേക്ഷകൾ തീർപ്പുകൽപ്പിക്കുകയുണ്ടായി. ആയത് പ്രകാരം 43955.34 ലക്ഷത്തിന്റെ ഇളവുകൾ നൽകി വായ്പാകണക്കുകൾ അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ല	ഇളവു നൽകിയവരുടെ എണ്ണം	ഇളവു (ലക്ഷത്തിൽ)
തിരുവനന്തപുരം	5837	5020.17
കൊല്ലം	6857	4630.54
പത്തനംതിട്ട	2028	719.06
ആലപ്പുഴ	3041	1749.22
കോട്ടയം	3129	1888.67
ഇടുക്കി	2632	2109.26
ഏറണാകുളം	11064	3199.15
തൃശ്ശൂർ	6695	3592.08
പാലക്കാട്	5162	1860.22
മലപ്പുറം	4892	2180.17
കോഴിക്കോട്	2752	1777.67
വയനാട്	811	267.47
കണ്ണൂർ	5542	11867.52

കാസർഗോഡ്	5967	3320.10
ആകെ	**66409**	**43955.34**

സംസ്ഥാനതലത്തിൽ 08.09.2026, 16.09.2026, 09.10.2026 എന്നീ തീയതികളിലായി 343 അപേക്ഷകൾ തീർപ്പ് കല്പിച്ചിട്ടുണ്ട്. നിലവിൽ ഇനിയും കമ്മിറ്റി കൂടി അപേക്ഷകൾ പരിഗണിച്ച് വരുന്നതിനാൽ മേൽ തുകയിൽ വ്യത്യാസം വരാവുന്നതാണ്.

സെക്ഷൻ ഓഫീസർ